mārggam
Digital Library of Christianity in India
www.marggam.com
www.TheCMSIndia.org
DIGITAL LIBRARY FOR CHRISTIAN ARTS, LITERATURE & MUSIC

# ക.നി.മൂ.സ. മാണിക്കത്തനാരുടെ സുഭാഷിതങ്ങൾ ഒരു പുനർവായന

**BY**

## Fr. Joy Chencheril, MCBS.



**ക. നി. മൂ. സ. മാണി കത്തനാർ (ആണ്ടുമാലിൽ)**
**Fr. EMMANUEL ANDUMALIL T.O.C.D**

www.marggam.com
mārggam
Digital Library of Christianity in India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



## ഫാ. ജോയി ചെഞ്ചേരിൽ MCBS

കോട്ടയം ജില്ലയിലെ മാന്നാറിൽ ജനനം. ദിവ്യകാരുണ്യ മിഷനറി സമൂഹാംഗം (MCBS). മലയാളം, ജേർണലിസം & കമ്മ്യൂണിക്കേഷൻ, ദൈവശാസ്ത്രം എന്നിവയിൽ ബിരുദാനന്തര ബിരുദം. കാരുണികൻ ദൈവശാസ്ത്ര മാസികയുടെ എഡിറ്റർ,തിരുവനന്തപുരം കലാഗ്രാമം ഡയറക്ടർ എന്നീ നിലകളിൽ സേവനം ചെയ്തിട്ടുണ്ട്. ആനുകാലികങ്ങളിൽ സജീവ സാന്നിധ്യമായ ജോയി ചെഞ്ചേരിൽ 17 ഗ്രന്ഥങ്ങളുടെ രചയിതവാണ്. K.C.B.C. യുടെ ബൈബിൾ വിവർത്തന ഭാഷാപരിശോധനാ സംഘാംഗം ആയിരുന്നു.

'ഇതു നിനക്കായ് ' എന്ന വിശുദ്ധ കുർബാനയെക്കുറിച്ചുള്ള ആദ്യമലയാള കവിതയുടെയും 'ദിവ്യകാരുണ്യ ചരിതം' എന്ന കഥകളിയുടെയും ഉപജ്ഞാതാവ്. ഒട്ടേറെ ജനപ്രിയ ഗാനങ്ങൾക്ക് രചനയും സംഗീതവും നിർവഹിച്ച ചെഞ്ചേരിലിന്റെ 'ഇത്ര ചെറുതാകാൻ എത്ര വളരേണം ' എന്ന ഗാനം ഏറെ ശ്രദ്ധേയം. ചങ്ങനാശ്ശേരി എസ്.ബി. കോളേജിലെ കലാപ്രതിഭയായിരുന്ന ഫാ. ജോയി ചെഞ്ചേരിൽ 2012ൽ രാഷ്ട്രപതി ഭവനിൽ ക്രിസ്തുമസ്പ്രോഗ്രാം ഡയറക്റ്റു ചെയ്തിട്ടുണ്ട്. സിസിലിയൻ അവാർഡ്, ജനപ്രിയ ഗാന അവാർഡ്, പ്രേഷിതതാരം അവാർഡ് എന്നിവ പ്രധാന പുരസ്കാരങ്ങൾ.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

THE

# Proverbs of Solomon

BY

Rev. Fr. Emmanuel of the H. Ghost,

T. O. C. D.

MANNANAM.

PRINTED AT THE ST. JOSEPH'S PRESS.

1921.

www.TheCMSIndia.org

# ക.നി.മൂ.സ. മാണിക്കത്തനാരുടെ സുഭാഷിതങ്ങൾ ഒരു പുനർവായന

## ആമുഖം

'മേഘങ്ങൾക്കിടയിലെ പ്രഭാതതാരവും നിസാൻ ദിനങ്ങളിലെ പൂർണചന്ദ്രനു'മെന്നു വിശേഷിപ്പിക്കപ്പെട്ട ക.നി.മൂ.സ. മാണിക്കത്തനാർ ആണ്ടുമാലിൽ (ഫാ. ഇമ്മാനുവൽ ഓഫ് ദി ഹോളി ഗോസ്റ്റ്, ടി.ഒ.സി.ഡി - 1878-1941) കാലങ്ങൾക്കതീതമായ പ്രശംസാപാത്രമാണ്. മലയാള സാഹിത്യത്തിന് അമൂല്യ സംഭാവനകൾ നൽകിയ അർണോസ് പാതിരി, ബെഞ്ചമിൻ ബെയ്‌ലി, ഹെർമൻ ഗുണ്ടർട്ട് എന്നിവരുടെ നിരയിൽത്തന്നെ ഗണിക്കപ്പെടേണ്ട പ്രതിഭയാണ് സുറിയാനി പ്ശീത്താ ബൈബിൾ വിവർത്തകനും അനുഗൃഹീത കവിയും പണ്ഡിതനുമായ മാണിക്കത്തനാർ. പൗരസ്ത്യ സുറിയാനിസഭയുടെ ചരിത്ര-ദൈവശാസ്ത്രമേഖലകളിൽ നിർണായക സംഭാവനകൾ നൽകിയ ദീർഘദർശിയായിരുന്നു അദ്ദേഹം. മലയാളത്തിലെ ആദ്യ ദിനപത്രമായ ദീപികയുടെ മാനേജിങ് എഡിറ്ററായി സേവനം ചെയ്തിട്ടുള്ള പ്രഗത്ഭരിൽ പേരെടുത്തു പറയേണ്ട വ്യക്തിത്വം.

പേരിലെ സാദൃശ്യംകൊണ്ട് ക.നി.മൂ.സ. മാണിക്കത്തനാരെ നിധീരിക്കൽ മാണിക്കത്തനാരായി കരുതുന്നവരുണ്ട്. എന്നാൽ, പ്രതിഭകൊണ്ടും വേറിട്ട സംഭാവനകൾകൊണ്ടും കാലഘട്ടത്തിന് മാർഗദർശികളായ രണ്ടു ശ്രേഷ്ഠവ്യക്തിത്വങ്ങളാണ് അവർ. *പ്രേമാമൃതം, ദിവ്യമാതൃക, പീഡാനുഭവപാന, സൊളോമോന്റെ സുഭാഷിതങ്ങൾ* എന്നീ ഗ്രന്ഥങ്ങൾ കൈരളിക്ക് സമ്മാനിച്ച ഈ ബഹുഭാഷാപണ്ഡിതനെക്കുറിച്ച് വേണ്ടത്ര ഗൗരവത്തിൽ പഠനങ്ങളോ ഗവേഷണങ്ങളോ നടന്നിട്ടില്ല എന്നത് ഖേദകരമാണ്. എങ്കിലും മാണിക്കത്തനാരുടെ ശ്രേഷ്ഠസംഭാവനകളെക്കുറിച്ച് പഠിക്കാൻ മുന്നോട്ടുവന്നിരിക്കുന്ന ഡോ. അമൽ ആന്റണിയുടെയും *ക്രിസ്ത്യൻ മ്യൂസിക്കോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ*യുടെയും പരിശ്രമങ്ങൾ ശ്ലാഘനീയമാണ്.

## സൊളോമോന്റെ സുഭാഷിതങ്ങൾ

വിശുദ്ധ ബൈബിൾ പരിഭാഷാ ചരിത്രത്തിൽ പകരം വയ്ക്കാനില്ലാത്ത നാമമാണ് മാണിക്കത്തനാരുടേത്. അദ്ദേഹത്തിന്റെ *സൊളോമോന്റെ സുഭാഷിതങ്ങൾ* എന്ന കാവ്യം, ജ്ഞാനസൂക്ത സമാഹാരമായ ബൈബിൾ സുഭാഷിതങ്ങളിലെ വേദസാരങ്ങളുടെ സുന്ദരഭാഷ്യത്തെ അർഥം ചോരാതെ ലളിത മലയാള പദങ്ങളിൽ കൊരുത്ത ഒരു സുന്ദരഹാരമാണ്. 1921-ൽ മാന്നാനം സെന്റ് ജോസഫ് പ്രസ്സിൽനിന്നാണ് ഈ കൃതി പ്രസിദ്ധീകരിച്ചിരിക്കുന്നത്. ബൈബിളിലെ ഒരു പുസ്തകം പദ്യരൂപത്തിൽ പ്രഥമമായി മലയാളിക്ക് സമ്മാനിച്ചു എന്ന ഖ്യാതിയും മാണിക്കത്തനാർക്കു സ്വന്തം.

മലയാളഭാഷയുടെ വികാസത്തിന്റെ നിർണായകമായ ചരിത്രഘട്ടത്തിലാണ്

സൊളോമോന്റെ സുഭാഷിതങ്ങൾ പിറവി കൊണ്ടിരിക്കുന്നത്. ശൃംഗാരരസപ്രധാനങ്ങളായ പ്രമേയങ്ങളിൽ ഒരുങ്ങിനിന്നിരുന്ന സാഹിത്യത്തിലെ സ്ഥിതിവിശേഷങ്ങളിലേക്കാണ് ജ്ഞാനവും ദൈവഭയവും മനുഷ്യബന്ധങ്ങളുടെ ഊഷ്മളതയും നിറഞ്ഞ സുഭാഷിതങ്ങളെ കാവ്യരൂപത്തിൽ മാണിക്കത്തനാർ അവതരിപ്പിക്കുന്നത്. അനുഷ്ടുപ്പ് വൃത്തത്തിലുള്ള 300 ശ്ലോകങ്ങളിൽ എഴുതി കൈരളിയുടെ മനോമുകരത്തിൽ പതിപ്പിച്ചിരിക്കുകയാണ് അദ്ദേഹം. യുവാക്കൾക്കും അനുഭവജ്ഞാനം കുറഞ്ഞവർക്കും വെളിച്ചം പകരുന്ന വീക്ഷണങ്ങളാണ് ഇതിന്റെ പ്രമേയം.

*നരകുലത്തിനു ദുഷ്കൃതമാം ഭയ-*
*ങ്കര തമസ്സു നിറഞ്ഞ ധരിത്രിയിൽ*
*പരമദീപ സമാന മജസ്രമീ-*
*സ്സരസമാം കൃതി നേർവഴി കാട്ടിടും.*

(അഭിപ്രായം, കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള)

ഹൈന്ദവ പുരാണങ്ങളും ഇതിഹാസങ്ങളും സാഹിത്യത്തിൽ ധാരാളം ഇടം നേടിയിട്ടുണ്ടെങ്കിലും ബൈബിളധിഷ്ഠിതമായ ഒരു സ്വതന്ത്രാവിഷ്കാരം എന്ന നിലയിൽ ഈ കൃതിക്ക് വേണ്ടത്ര ശ്രദ്ധയോ, പഠനമോ ഉണ്ടായിട്ടില്ല എന്നത് ആശ്ചര്യകരം തന്നെ. സനാതനധർമ്മങ്ങളുടെ അന്തർധാരയിലേക്ക് കടന്നുചെന്നാണ് സുഭാഷിത ദർശനങ്ങളെ കവി പാട്ടിലാക്കിയിരിക്കുന്നത്. ജാതിചിന്തയും വർഗവർണവിവേചനങ്ങളും ഉച്ചനീചത്വങ്ങളും അരങ്ങുതകർത്താടിയ സവർണമേധാവിത്വത്തിന്റെ കാലത്താണ് മലയാളസാഹിത്യത്തിലെ സന്മാർഗബോധനമായി സുഭാഷിതങ്ങൾ നിലകൊള്ളുന്നത്.

## ഭാഷയായി പറഞ്ഞീടുന്ന സുഭാഷിതം

ജീവിതത്തെയും സമൂഹത്തെയും സംസ്കാരത്തെയും വിമലീകരിക്കുക എന്നത് സാഹിത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ധർമാധർമങ്ങൾ വിവേചിച്ച് പണ്ഡിത-പാമരഭേദമന്യേ സകലരിലും ദിശാബോധം ഉണർത്താൻ ഉപയുക്തങ്ങളായ ശ്ലോകങ്ങളാണ് ഇതിലുള്ളത്.

*പ്രാജ്യ പൗരുഷനായുള്ള*
*സോളൊമോന്റെ സുഭാഷിതം*
*തിരഞ്ഞെടുത്തു ഞാനേതാൻ*
*പറഞ്ഞീടുന്നു ഭാഷയായ്.* (1)

മലയാളഭാഷയ്ക്കുവേണ്ടി തന്റെ ജീവിതനിയോഗത്തെ ദ്യോതിപ്പിക്കുന്ന വരികളിലൂടെയാണ് സുറിയാനി ഭാഷയിൽനിന്ന് നാട്ടുഭാഷയിലേക്കുള്ള മാണിക്കത്തനാരുടെ കവനം തുടങ്ങുന്നത്. 'ഭാഷയായി പറഞ്ഞീടുന്ന സുഭാഷിതം' എന്ന വരികളിൽ തന്നെ നാടിനും നാട്ടുകാർക്കും നാട്ടുഭാഷയ്ക്കും വേണ്ടിയുള്ള കത്തനാരുടെ ജീവിത സമർപ്പണമാണ് വെളിവാകുന്നത്.

ഗഹനങ്ങളായ സുഭാഷിതസാരങ്ങളെ കാമ്പുചോരാതെ കാച്ചിക്കുറുക്കിയ കവിതകളാക്കുന്ന കവനവൈഭവത്തിനുടമയായിരുന്നു മാണിക്കത്തനാർ. കരുണയും വിശ്വസ്ത

തയും നിന്നെ പിരിയാതിരിക്കട്ടെ. അവയെ നിന്റെ കഴുത്തിൽ ധരിക്കുക. ഹൃദയഫലകത്തിൽ രേഖപ്പെടുത്തുകയും ചെയ്യുക (സുഭാ. 3:3) എന്ന ബൈബിൾഭാഗം

*നന്മ, നീതി, സമാധാന-*
*മിവനിങ്കൽ വസിക്കണം*
*കഴുത്തിലിവകെട്ടേണം*
*നെഞ്ചകത്തെഴുതിയിടേണം.*(9)

എന്ന വരികളിൽ എത്ര ലളിതമനോഹരമായാണ് അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നത്!

മാണിക്കത്തനാരുടെ സുഭാഷിതങ്ങളിൽ മുഴങ്ങിക്കേൾക്കുന്ന വിജ്ഞാനസൂക്തികൾ, കവിത എന്നാൽ കേവലം വിനോദത്തിനുള്ള ഉപാധി എന്നതിനെക്കാൾ അനുവാചകനെ വേറിട്ടു ചിന്തിപ്പിക്കുന്നുണ്ട്. ജീവിതത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങി അതിന്റെ സമസ്തതലങ്ങളെയും സ്പർശിച്ചു നിൽക്കുകയാണ് ഈ കൃതി. കവി ദൈവികനാണെന്നും കവനം ദൈവികമാണെന്നുമുള്ള മലയാളസാഹിത്യത്തിലെ ഭക്തിപ്രസ്ഥാന പ്രമേയത്തോട് ചേർന്നുനിൽക്കുകയാണ് കവി ഇവിടെ.

*താതനാകിയ ദൈവത്തിൻ*
*സൂനു, മാനുഷ രക്ഷകൻ,*
*മാനസത്തിൽ വസിയ്ക്കട്ടെ.* (3)

ബാലകാ, സുതാ, തനുജാ, മടിയാ, പുത്രാ എന്നിങ്ങനെയുള്ള ഹൃദയബന്ധിയും ശ്രദ്ധേയങ്ങളുമായ അഭിസംബോധനകളിലൂടെയാണ് കവി ആശയസംവേദനം നടത്തുന്നത്.

## സർവാശ്ലേഷിത്വം

വാക്കുകളും വാങ്മയചിത്രങ്ങളുംകൊണ്ട് വിസ്മയം തീർത്ത രചനാവൈഭവമായിരുന്നു അദ്ദേഹത്തിന്റേത്. വിവർത്തനങ്ങൾക്കും വർത്തമാനകാലത്തോടു സംവദിക്കാനുണ്ടായിരിക്കണമെന്നത് അദ്ദേഹത്തിന്റെ ദൃഢനിശ്ചയങ്ങളിൽ ഒന്നായിരുന്നു. വായനക്കാരിൽ ഇതരമതസ്ഥരും ഉണ്ടെന്നതിനാൽ, അവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള രചനാശൈലിയാണ് ഇതിൽ അദ്ദേഹം സ്വീകരിച്ചിരിക്കുന്നത്.

*ചെറുതായുള്ളോ*
*രെറുമ്പെച്ചെന്നു നോക്കുക*
*അതിൻ ക്രിയകളെക്കണ്ടു*
*വിജ്ഞാനിയായി ഭവിക്കുക. (24)*

*ഗുണവാൻ പച്ചിലയ്ക്കൊപ്പം*
*തളിർത്തു വലുതായി വരും. (58)*

*അസൂയയസ്ഥികൾക്കുള്ള*

*ചിതലാകുന്നു ബാലക! (86)*

സർവസാധാരണമായ പരിസരകാഴ്ചകൾകൊണ്ട് കവിതമനയാൻ അസാമാന്യ വരദാനം സ്വീകരിച്ച വ്യക്തിയായിരുന്നു അദ്ദേഹം. എറുമ്പും പച്ചിലയും ചിതലുമൊക്കെ ജ്ഞാനസ്രോതസ്സുകളാണെന്ന പ്രകൃതിപാഠങ്ങൾ അദ്ദേഹത്തിന്റെ സർഗവൈഭവത്തിന്റെ ദൃഷ്ടാന്തങ്ങളാണ്.

## ഉപസംഹാരം

ഭാഷകൊണ്ടും പ്രമേയംകൊണ്ടും രചനകൊണ്ടും ഹൃദയത്തെ സ്പർശിക്കുന്ന ഒരു കാവ്യമാണ് *സൊളോമോന്റെ സുഭാഷിതങ്ങൾ.* അധർമബീജാവാപം അസഹനീയമായ ആധുനിക ജീവിതസാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ, ഈ കൃതി സമൂഹത്തോട് ഏറെ സംവദിക്കുന്നുണ്ട്. പദ്യങ്ങളിലൂടെയുള്ള സന്മാർഗബോധനം എന്ന നിലയിൽ കൊച്ചി, തിരുവിതാംകൂർ പ്രദേശങ്ങളിലെ വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ ഈ ഗ്രന്ഥം നിർദേശിക്കപ്പെട്ടിരുന്നു എന്നത് അതിന്റെ മഹിമയുടെ ദൃഷ്ടാന്തമാണ്. അപചയങ്ങൾ അതിവേഗം പാഞ്ഞടുക്കുന്ന ഇന്നത്തെ സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസ മേഖലകളിലും ഇത് നിശ്ചയമായും പാഠപുസ്തകമാക്കേണ്ടിയിരിക്കുന്നു. കാരണം, ഇതിൽനിന്ന് നിർഗളിക്കുന്ന പ്രതിഭയും പ്രസാദവും വാക്കുകൾക്കതീതമാണ്. മനുഷ്യാസ്തിത്വവും ആന്തരികതയും അച്ചടക്കവും പണിയുന്നതിൽ കാലാതിവർത്തിയായി നിൽക്കുന്ന *സൊളോമോന്റെ സുഭാഷിതങ്ങൾ* അഭിമാനപൂർവം ഏതൊരു മലയാളിയും വായിച്ചിരിക്കേണ്ട സുന്ദരവും വിലമതിയാത്തതുമായ ഒരു കൃതിയാണ്.

ഫാ. ജോയി ചെഞ്ചേരിൽ എം.സി.ബി.എസ്.

www.marggam.com

# Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

**An international forum for interdisciplinary discussion, and dissemination of knowledge, on the music, art and dance of about thirty million Christians in India.**

## Support Our Ongoing Projects

- Marggam, Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org